(സി) ഈ പദ്ധതിയനുസരിച്ചുള്ള ബണ്ട് കെട്ടുന്നതിനു് ആകെ എത്ര രൂപാ വേണ്ടിവരും?

ധനകാര്യവും, ക്ഷേമവും, വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ഉണ്ടു്.

(ബി) നടപടി തുടങ്ങിയിട്ടില്ല.

(സി) ഒരു ലക്ഷം രൂപാ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ഈ കഴിഞ്ഞ ബഡ്ജറ്റിൽ ഈ ആവശ്യത്തിനുവേണ്ടി ആകെ എത്ര രൂപാ നീക്കിവെച്ചിട്ടുണ്ടു്?

ശ്രീ. കെ. എം. കോര: ഒരു ലക്ഷം.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വേമ്പനാട്ടുകായൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ ആഫീസർ ആരാണെന്നു പറയാമോ?

ശ്രീ. കെ. എം. കോര: ശ്രീ. വൈദ്യനാഥൻ ആണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അദ്ദേഹം ഇതുസംബന്ധിച്ചു വല്ല റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: സമർപ്പിച്ചിട്ടുണ്ടു്.

ശ്രീ. പി. കെ. കുമാരൻ ആശാരി: ഈ പദ്ധതി വിജയപ്രദമാകുമോ?

ശ്രീ. കെ. എം. കോര: വിജയപ്രദമാണു്.

ശ്രീ. പി. കെ. കുമാരൻ ആശാരി: ഈ പദ്ധതി നിറുത്തിവെയ്ക്കണമെന്നു ഗവൺമെൻറാലോചിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

കോൺക്രീറു് റോഡു്

*൨൯൪. (൧൯) ശ്രീ. പി. കെ. കുമാരനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ സംസ്ഥാനത്തു ആകെ എത്ര മൈൽ ദൂരത്തിൽ റോഡു് കോൺക്രീറു് ചെയ്തുകഴിഞ്ഞു?

(ബി) ഇതിനു് ആകെ ചെലവായ രൂപാ എത്ര?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഒമ്പതു മൈൽ, ഒരു ഫർലാങ്ങു് രണ്ടു രണ്ടര അടി.

(ബി) നാല്, രണ്ടു ലക്ഷത്തി രണ്ടായിരത്തി ഒരു രൂപാ ഏഴു അണാ.

ശ്രീ. പി. കെ. കുമാരൻ ആചാരി: കോട്ടയത്തുനിന്നും ഏറ്റുമാനൂരേക്കുള്ള റോഡു് മഴവൻ കോൺക്രീറു് ചെയ്യാൻ തീരുമാനിക്കുന്നതിനാലോചിക്കുന്നുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എല്ലാ സ്ഥലത്തും റോഡു് കോൺക്രീറു് ചെയ്യണമെന്നു തന്നെ ആണു് ഗവൺമെൻറിൻറെ ആഗ്രഹം.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ ഒമ്പതു മൈൽ എന്നു പറഞ്ഞതു് കന്യാകുമാരി മുതൽ പല സ്ഥലത്തുമായിട്ടാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: പല സ്ഥലത്തുമാണു്.

Sahib Bahadur A. Abdul Razaak: May I know the portion of the road which was concreted subsequent to the year 1947?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കോട്ടയം ഡിവിഷനിലുമുണ്ടു് തൃശ്ശിവപേരൂർ ഡിവിഷനിലുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ: പല സ്ഥലങ്ങളിലും ഇങ്ങനെ കുറേശ്ശെ കോൺക്രീറിടാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എല്ലാ താലൂക്കിലും കുറേശ്ശെ ചെയ്യണമെന്ന ഗവണ്മെൻറ് വിചാരിച്ചു.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഈ സ്ഥലത്തിൻെറ പ്രത്യേകതയോ റോഡിൻെറ പ്രാധാന്യമോ അതോ വാഹനങ്ങൾ കൂടുതലായി സഞ്ചരിക്കുന്നതു നോക്കിയോ എങ്ങിനെയാണ് കോൺക്രീറ് ചെയ്തിരിക്കുന്നത്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: എല്ലാം നോക്കിയായിരിക്കും ചെയ്തിട്ടുള്ളത്.

ശ്രീ. കെ. രാമചന്ദ്രൻ: ഓരോ മന്ത്രിമാരുടേയും താലൂക്കുകൾക്ക് പ്രീ ഫറൻസ് കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇരിഞ്ഞാലക്കുട റോഡ് കോൺക്രീറ് ചെയ്യുന്നതിന് എിസ്റ്റിമേറ് തയാറാക്കി അയച്ചിട്ട് വളരെ നാളായി എന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അറിയാം.

ശ്രീ. പൊന്നറ ജി. ശ്രീധർ: തിരുവനന്തപുരം ചെങ്കോട്ട റോഡാണ് തിരുവിതാംകൂറിൽ ഏറ്റവും വാഹനഗതാഗതം കൂടുതൽ ഉള്ളതെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അങ്ങിനെയല്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: അതു ഡഫനിറ്റാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഡഫനിറ്റാണ്.

ശ്രീ. കെ. എ. മാത്യു: എം. സി. റോഡിൽ ബാക്കിയുള്ള സ്ഥലങ്ങളിൽ കൂടി കോൺക്രീറ് ചെയ്യുന്നതിന് എത്ര കാലം വേണ്ടിവരും?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: മഴവൻ റോഡും കോൺക്രീറ് ചെയ്യണമെന്നാണ് ഗവണ്മെൻറിൻെറ ഉദ്ദേശം.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: 9 മൈൽ എന്നു പറഞ്ഞതു തിരുവനന്തപുരം നാഗർകോവിൽ റോഡുകൂടി ഉൾപ്പെട്ടതിയാണോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതേ.

RESETTLEMENT AND EMPLOYMENT EXCHANGE

*235. (15) **Sri. K. Ramachandran**; Will the hon. the Chief Minister be pleased to state:

(*a*) the number of persons who have secured employment through the resettlement and employment exchange;

(*b*) how far the proposal for converting this institution into a national exchange has progressed?

Minister for Industries and Labour: **(Sri. P. K. Krishnankutty Menon):**

(*a*) 7,862.

(*b*) The Exchanges were thrown open to civilians early in 1948.

Sri. K. Ramachandran: May I know, Sir, the total number of civilians who have applied for employment through the Exchange?

Sri. P. K. Krishnankutty Menon: Civilians: 17,689.

Sri. K. Ramachandran: May I know, Sir, whether the Government consult the Exchanges whenever vacancies arise?

LIBRARY ARCHIVES Kerala Legislative Assembly